തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# ഗവേഷണസഭ
## പതിനാറാമത് യോഗതീരുമാനങ്ങൾ

**അക്ഷരം കാമ്പസ്, തിരൂർ**
**2022 മാർച്ച് 4, രാവിലെ 10.30**

**പങ്കെടുത്തവർ**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ)
2. ഡോ. സി. രാജേന്ദ്രൻ
3. ഡോ. സി.പി. അച്യുതനുണ്ണി
4. ഡോ. കെ.ജി. പൗലോസ്
5. പൊൻകുന്നം എം.എം. രാമചന്ദ്രൻ
6. ഡോ. ടി. ബി. വേണുഗോപാലപണിക്കർ
7. കലാമണ്ഡലം ഹൈമവതി
8. ഡോ. കർണമഹാരാജൻ
9. ഡോ. പി.കെ. പോക്കർ
10. ഡോ. ലിസ്സി മാത്യു
11. ഡോ. ചാക്കപ്പൻ. സി.ഡി
12. ഡോ. കെ.എം. ഭരതൻ
13. ഡോ. സ്മിത കെ. നായർ (ഡയറക്ടർ ഭാഷാശാസ്ത്രപഠന സ്കൂൾ)
14. ഡോ. രോഷ്നി സ്വപ്ന (ഡയറക്ടർ സാഹിത്യപഠനസ്കൂൾ)
15. ഡോ. അശോക് ഡിക്രൂസ് (ഡയറക്ടർ സാഹിത്യരചന സ്കൂൾ)
16. ഡോ. കെ.എസ്. രാഗിണി (ഡയറക്ടർ മാധ്യമപഠന സ്കൂൾ)
17. ഡോ. ശ്രീജ എൽ.ജി. (ഡയറക്ടർ ചരിത്രപഠന സ്കൂൾ)
18. ഡോ. ജി. സജിന (ഡയറക്ടർ സംസ്കാരപൈതൃകപഠന സ്കൂൾ)
19. ഡോ. സുന്ദരരാജ് ടി. (ഡയറക്ടർ സോഷ്യോളജി സ്കൂൾ)
20. ഡോ. ധന്യ ആർ. (ഡയറക്ടർ പരിസ്ഥിതിപഠന സ്കൂൾ)
21. ഡോ. മല്ലിക എം.ജി. (ഡയറക്ടർ വികസനപഠന സ്കൂൾ)
22. ഡോ. സുധീർ എസ്. (ഡയറക്ടർ ചലച്ചിത്രപഠന സ്കൂൾ)
23. ഡോ. അനിൽ കെ.എം. (ഡയറക്ടർ എഴുത്തച്ഛൻപഠന സ്കൂൾ)

രജിസ്ട്രാർ ഇൻ ചാർജ് ഡോ. റെജിമോൻ പി.എം. യോഗത്തിൽ സന്നിഹിതനായിരുന്നു.

## തീരുമാനങ്ങൾ

ഇനം നമ്പർ: **2022.01**

വിഷയം: **സംസ്കാരപൈതൃകപഠന സ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശശി കെ.വി., സോഷ്യോളജി സ്കൂളിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. സുന്ദരരാജ് ടി., വികസനപഠന സ്കൂളിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. മല്ലിക എം.ജി. എന്നിവർക്ക് ഗവേഷണ മാർഗദർശിത്വം നൽകുന്നത് – സംബന്ധിച്ച്.**

തീരുമാനം: ഡോ. ശശി കെ.വി., ഡോ. സുന്ദരരാജ് ടി., ഡോ. മല്ലിക എം.ജി. എന്നിവരെ ഗവേഷണമാർഗദർശികളായി അംഗീകരിച്ചു.

1990/പിഎച്ച്.ഡി./ജനറൽ/2021 – ഭരണവിഭാഗം

ഇനം നമ്പർ: **2022.02**

വിഷയം: **ചരിത്രപഠന സ്കൂളിലെ എം.ഫിൽ ഗവേഷക സുജിത കെ. യുടെ മാർഗദർശിയായി ഡോ. ശ്രീജ എൽ. ജി. യെ നിയമിച്ച നടപടി സാധൂകരിക്കുന്നത് – സംബന്ധിച്ച്.**

തീരുമാനം: ശ്രീമതി സുജിത കെ. എന്ന എം.ഫിൽ ഗവേഷകയുടെ മാർഗദർശിയായി 21.01.2022 ലെ 1990/പിഎച്ച്.ഡി./ജനറൽ/2021 എന്ന ഉത്തരവ് പ്രകാരം, ചരിത്രപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ശ്രീജ എൽ.ജി.യെ നിയോഗിച്ച വൈസ് ചാൻസലറുടെ നടപടി സഭ സാധൂകരിച്ചു.

1990/പിഎച്ച്.ഡി./ജനറൽ/2021 – ഭരണവിഭാഗം

ഇനം നമ്പർ: **2022.03**

വിഷയം: **പരിസ്ഥിതിപഠന സ്കൂളിലെ പിഎച്ച്.ഡി. ഗവേഷകൻ ശ്രീ നജ്മുദ്ദീൻ സി. യുടെ സഹമാർഗദർശിയായി വികസനപഠന സ്കൂളിലെ ഡോ. ശ്രീരാജ് എ.പി.യെ നിയമിക്കുന്നത് സംബന്ധിച്ച ഡോക്ടറൽ കമ്മിറ്റിയുടെ ശുപാർശ പരിഗണിക്കുന്നത് – സംബന്ധിച്ച്.**

തീരുമാനം: ഗവേഷണ വിഷയത്തിന്റെ അന്തർവൈജ്ഞാനിക സ്വഭാവം കണക്കിലെടുത്ത് വികസനപഠന സ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശ്രീരാജ് എ.പി.യെ ശ്രീ നജ്മുദ്ദീൻ സി.യുടെ സഹമാർഗദർശിയായി നിയമിക്കണമെന്ന ഡോക്ടറൽ കമ്മിറ്റിയുടെ ശുപാർശ സഭ അംഗീകരിച്ചു.

2559/പിഎച്ച്.ഡി./സി.ജി./2022 – ഭരണവിഭാഗം

ഇനം നമ്പർ: **2022.04**

വിഷയം: **മലയാളസർവ്വകലാശാല നിലവിലുള്ള ഗവേഷണ ചട്ടത്തിൽ (2019) കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നത് – സംബന്ധിച്ച്.**

തീരുമാനം: 2019 ലെ ഗവേഷണ ചട്ടങ്ങളിൽ തിരുത്തലുകൾ/മാറ്റങ്ങൾ വരുത്തി തയ്യാറാക്കിയ 2022 ലെ കരട് ഗവേഷണ ചട്ടത്തിന് അന്തിമരൂപം നൽകുന്നതിന് വൈസ് ചാൻസലർ, ഡോ. കെ.എം. അനിൽ, ഡോ. കെ.എം. ഭരതൻ എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തി. ചട്ടത്തിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ നിർദ്ദേശിക്കാനുണ്ടെങ്കിൽ ആയത് അതത് ഡയറക്ടർമാർ 20.03.2022 ന് മുമ്പായി ഡോ. കെ.എം. അനിലിന് സമർപ്പിക്കേണ്ടതാണെന്നു ഗവേഷണസഭ നിർദ്ദേശിച്ചു. അതിനുശേഷം അവ പരിശോധിച്ച് നിലവിലെ ചട്ടത്തിലെ വ്യവസ്ഥകളും അതിൽ വരുത്തേണ്ട മാറ്റങ്ങളും വെവ്വേറെ രേഖപ്പെടുത്തി പുതുക്കിയ ചട്ടത്തിന് കമ്മിറ്റി അന്തിമരൂപം നൽകേണ്ടതാണ്. അത് സർവകലാശാല ഗവേഷണസഭയിലെ അംഗങ്ങൾക്ക് അയച്ചുകൊടുത്ത് അവരുടെ അംഗീകാരം നേടി തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും സഭ തീരുമാനിച്ചു.

2837/എ4/2019/അക്കാദമികം - ഭരണവിഭാഗം

ഇനം നമ്പർ: **2022.05**

വിഷയം: **സംസ്കാരപൈതൃകപഠന സ്കൂളിലെ ഗവേഷകരുടെ പിഎച്ച്.ഡി. ബിരുദം പൈതൃകപഠന ഫാക്കൽറ്റിയിൽ ഗവേഷണ വിഷയത്തിന്റേയും എം.എ. യോഗ്യതയുടേയും സ്വഭാവം പരിഗണിച്ച് അനുയോജ്യമായ വിഷയം രേഖപ്പെടുത്തി നൽകണമെന്ന ഫാക്കൽറ്റി കൗൺസിലിന്റെ ശുപാർശ പരിഗണിക്കുന്നത് – സംബന്ധിച്ച്.**

തീരുമാനം: സംസ്കാരപൈതൃകപഠന സ്കൂളിലെ ഗവേഷകരുടെ പിഎച്ച്.ഡി. ബിരുദം പൈതൃകപഠന ഫാക്കൽറ്റിയിൽ അവരുടെ ഗവേഷണ വിഷയത്തിന്റേയും, എം.എ. യോഗ്യതയുടേയും അടിസ്ഥാനത്തിൽ തദനുസൃതമായി വിഷയം രേഖപ്പെടുത്തി നൽകണമെന്ന ഫാക്കൽറ്റി കൗൺസിലിന്റെ ശുപാർശ സഭ അംഗീകരിച്ചു.

192/പിഎച്ച്.ഡി./2022/അക്കാദമികം - ഭരണവിഭാഗം

യോഗം ഉച്ചക്ക് ഒരു മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്